പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 273 — 04.02.2013 ൽ മറുപടിക്ക്

## സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ

**ചോദ്യം**

ശ്രീ. പി. ഉബൈദുള്ള

(എ) സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെ വർദ്ധിച്ചു വരുന്ന കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

**മറുപടി**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി

(എ) സ്ത്രീകളും കുട്ടികളും സാധാരണമായി സഞ്ചരിക്കാറുള്ള സ്ഥലങ്ങളിലും, മറ്റ് പൊതുസ്ഥലങ്ങളിലും പോലീസ് പട്രോളിംഗും, വനിതാ പോലീസിന്റെ സാന്നിദ്ധ്യവും ഉറപ്പുവരുത്തുന്നുണ്ട്. Anti Human Trafficking Unit (AHTU) കളുടെയും, ലോക്കൽ പോലീസിന്റെയും ജനമൈത്രി സംവിധാനത്തിന്റെയും സഹകരണത്തോടെ നിരന്തര റെയിഡുകളും, ബോധവൽക്കരണ ക്ലാസ്സുകളും നടത്തിവരുന്നു. സ്ത്രീകൾക്കും, കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക ചൂഷണം, തട്ടിക്കൊണ്ട് പോകൽ തുടങ്ങിയ അതിക്രമങ്ങൾ തടയുന്നതിന് സാമൂഹ്യനീതി വകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള "നിർഭയ" പദ്ധതി ഫലപ്രദമാക്കുന്നതിന് Anti Human Trafficking Unit(AHTU) ന്റെ തുൾപ്പെടെയുള്ള നിയമസഹായ സഹകരണങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് 2013 ലെ കേരള വനിതകളുടെ സ്വകാര്യതയും അന്തസ്സും സംരക്ഷണബിൽ നടപ്പ് സമ്മേളന

| | | | |
|---|---|---|---|
| | | | ത്തിൽ നിയമസഭയിൽ അവതരിപ്പി ക്കാനുള്ള അന്തിമ നടപടികൾ സർക്കാർ തലത്തിൽ നടന്നുവരു ന്നു. |
| (ബി) | രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളിൽ അന്വേഷണത്തിനും തുടർനടപടികൾക്കു മായി വനിതാ ഓഫീസർമാർ ഉൾപ്പെടുന്ന ഒരു പ്രത്യേക ഇൻവെസ്റ്റിഗേഷൻ ടീം രൂപികരിക്കുമോ? | (ബി) | 21.12.2012 ലെ സ.ഉ. (കയ്യെഴുത്ത്) നമ്പർ 328/12/ആഭ്യന്തരം പ്രകാരം സ്ത്രീകൾക്കും, പെൺകുട്ടി കൾക്കും എതിരെയുള്ള പെൺവാ ണിഭം, ബലാൽസംഗം മുതലായ കുറ്റകൃത്യങ്ങളിൽ കേസന്വേഷ ണവും അനന്തര നടപടികളും കൂടുതൽ ത്വരിതഗതിയിലും ഫലപ്ര ദവുമാക്കാൻ എ.ഡി.ജി.പി. ഡോ. ബി. സന്ധ്യ ഐ.പി.എസ്., ശ്രീമതി ഉമാ ബഹറ ഐ.പി.എസ്., ശ്രീമതി അജിതാ ബീഗം ഐ.പി.എസ്., ശ്രീമതി ചന്ദൻ ചൗധരി ഐ.പി.എ സ്. എന്നീ വനിതാ ഉദ്യോഗസ്ഥരട ങ്ങുന്ന ഒരു വനിതാ ഇൻവെസ്റ്റിഗേ ഷൻ ടീം (Women Investigation Team – WIT) രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ